# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 396 — 04.06.2018 – ൽ മറുപടിക്ക്

## റേഷൻ സാധനങ്ങളിൽ തൂക്കക്കുറവ് ഉണ്ടാകുന്നതായി പരാതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനിൽ അക്കര :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** | |
| (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം റേഷൻ കടകളിലെത്തുന്ന സാധനങ്ങളിൽ ഓരോ ചാക്കിലും രണ്ട് മുതൽ നാല് കിലോഗ്രാം വരെ തൂക്കക്കുറവ് ഉണ്ടാകുന്നതായി വ്യാപാരികൾ പരാതിപ്പെട്ടിട്ടുണ്ടോ ; | (എ) | തൂക്കക്കുറവ് ഉണ്ടാകുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | റേഷൻ വ്യാപാരികളുടെ മുമ്പിൽ ചാക്കുകളുടെ തൂക്കം ഉറപ്പാക്കണമെന്ന നിബന്ധന പാലിക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ബി) | കൃത്യമായ അളവിലും തൂക്കത്തിലും വാതിൽപ്പടി വിതരണം നടത്തണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റേഷൻകട ലൈസൻസികൾക്ക് ഡിപ്പോയിൽ വച്ച് തൂക്കം ഉറപ്പു വരുത്തുന്നതിനുള്ള അവസരം നൽകുന്നുണ്ട്. |
| (സി) | റേഷൻ സാധനങ്ങളുടെ തൂക്കത്തിലുണ്ടാകുന്ന തട്ടിപ്പ് തടയുന്നതിനായി അരിയും ഗോതമ്പും പാക്കറ്റുകളിലാക്കി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുവാൻ ഏതെങ്കിലും വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; | (സി) യും (ഡി) യും | റേഷൻ സാധനങ്ങളുടെ തൂക്കക്കുറവ് പരിഹരിക്കുന്നതിനായി റേഷനരിയും ഗോതമ്പും പായ്ക്കറ്റുകളിലാക്കി ഉപഭോക്താക്കൾക്ക് എത്തിക്കുന്നത് പൈലറ്റടിസ്ഥാനത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായ ശുപാർശ സമർപ്പിക്കുവാൻ സിവിൽ സപ്ലൈസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ശുപാർശ പരിശോധിച്ച് പൈലറ്റ് പദ്ധതിയായി നടപ്പാക്കി വിജയകരമാണെങ്കിൽ സംസ്ഥാന മൊട്ടാകെ വ്യാപിപ്പിക്കുന്നത് പരിഗണിക്കുന്നതാണ്. |
| (ഡി) | ചാക്കുകളിൽ റേഷനരി കടകളിലെത്തിക്കുന്നതിനെക്കാൾ കുറഞ്ഞ ചെലവിൽ അത് പാക്കറ്റുകളിലാക്കി ലഭ്യമാക്കുവാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ